**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേന്ദ്ര ശുചിത്വവും കുടിവെള്ളവും മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന "സ്വച്ഛ്താ ഹി സേവ" ദ്വൈവാര ക്യാമ്പയിനുമായി ബന്ധപ്പെട്ട് സംസ്ഥാനതലം മുതൽ തദ്ദേശസ്വയംഭരണസ്ഥാപനതലം വരെ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തങ്ങൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ 3139/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 25.09.2017

പരാമർശം - (1) കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ 09.09.2017 ലെ ഡി.ഒ.ജെ-11011/81/17-മീഡിയ നമ്പർ കത്ത്.

(2) കേന്ദ്ര ശുചിത്വ - കുടിവെള്ളവും മന്ത്രാലയത്തിന്റെ 12.09.2017 ലെ എസ്-1 8011/5/17/എസ്.ബി.എം നമ്പർ കത്ത്.

## ഉത്തരവ്

കേന്ദ്ര ശുചിത്വ - കുടിവെള്ള മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ 2017 സെപ്റ്റംബർ 15 മുതൽ 2017 ഒക്ടോബർ 2 വരെ അഖിലേന്ത്യാതലത്തിൽ സംഘടിപ്പിക്കുന്ന "സ്വച്ഛ്താ ഹി സേവ" ദ്വൈവാരക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലം മുതൽ തദ്ദേശസ്വയംഭരണസ്ഥാപനതലം വരെ സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന് പരാമർശം 1, 2 പ്രകാരം കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. ശുചിത്വബോധത്തിലൂന്നിയ സാമൂഹ്യച്ചുറ്റപാട് രാജ്യത്താകമാനം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി, ജനപങ്കാളിത്തം ഉറപ്പാക്കി, പൊതു സ്ഥലങ്ങൾ വൃത്തിയാക്കി, ശുചിത്വത്തിനു വേണ്ടിയുള്ള ബഹുജനപ്രസ്ഥാനം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2017 സെപ്റ്റംബർ 15 മുതൽ 2017 ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ നടപ്പിലാക്കുന്ന "സ്വച്ഛ്താ ഹി സേവ" ദ്വൈവാര ക്യാമ്പയിൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്, ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ശുചിത്വ മാലിന്യ സംസ്കരണം ഉപദൗത്യത്തിന്റെ ഭാഗമായ "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" ക്യാമ്പയിന്റെ തുടർ ക്യാമ്പയിനായി സംസ്ഥാനതലം മുതൽ തദ്ദേശസ്വയംഭരണസ്ഥാപനതലം വരെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ദിവസം | പ്രവർത്തനം | പ്രവർത്തന തലം | ഉത്തരവാദിത്വം |
|---|---|---|---|---|
| 1 | ദിവസം -1 | കാമ്പയിൻ ഉദ്ഘാടനം<br>ശുചിത്വ പ്രതിജ്ഞ | സംസ്ഥാന തലം<br>എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ - ഗ്രാമസഭ/വാർഡ് സഭകളിലും<br>എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും | എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ & വകുപ്പ് അദ്ധ്യക്ഷൻമാർ. |

| | | | | |
|---|---|---|---|---|
| 2 | ദിവസം - 2,3,4,5 | കുടുംബശ്രീ, സി.ഡി.എസ്., എ.ഡി.എസ്, അയൽക്കൂട്ട യോഗങ്ങളും ഗാർഹിക പരിസര ശുചിത്വം ചർച്ച. | ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ. | ഡയറക്ടർ, പഞ്ചായത്ത്, നഗരകാര്യം & എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ. |
| 3 | ദിവസം - 6,7,8 | മത്സരങ്ങളും ശ്രമദാന പ്രവർത്തനങ്ങളും (ഡിബേറ്റുകൾ, പ്രസംഗം, ഉപന്യാസം, ക്വിസ്, സ്കിറ്റ്, പെയിൻറിംഗ്, ഡ്രോയിംഗ്, പോസ്റ്റർ, കാർട്ടൂൺ, ബാനർ, രചനകൾ തുടങ്ങിയവ) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സ്കൂൾ, കോളേജ്) . | ജില്ലാ കലക്ടർമാർ. |
| 4 | ദിവസം - 9,10,11,12 | പൊതുസ്ഥല ശുചീകരണം | മാർക്കറ്റ്, ടൂറിസ്റ്റ് കേന്ദ്രം, ജല സ്രോതസ്സ്, പൊതു സ്ഥാപനങ്ങൾ, പാർക്കുകൾ, റെയിൽവേ, ബസ് സ്റ്റേഷനുകൾ തുടങ്ങിയവ. | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ |
| 5 | ദിവസം - 13,14,15,16, 17 | ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ, എക്സിബിഷനുകൾ (ഇതിൻറെ ഭാഗമായി വിനോദ വിജ്ഞാന പ്രവർത്തനങ്ങളും, ഗ്രാമോത്സവങ്ങളും സംഘടിപ്പിക്കാം) | എല്ലാ നഗരസഭ, ഗ്രാമ പഞ്ചായത്ത്. | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ |
| 6 | ദിവസം - 18 | പദയാത്ര, ഘോഷയാത്ര, ശുചിത്വ സംഗമം, അവാർഡ്ദാനം, സമാപന യോഗങ്ങൾ. | എല്ലാ നഗരസഭ, ഗ്രാമ പഞ്ചായത്ത്. | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ |

3. മേൽ പരാമർശിക്കുന്ന പ്രകാരം ഓരോ പ്രവർത്തന തലത്തിലും ദിവസ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തങ്ങൾക്ക് ഉത്തരവാദിത്വപ്പെട്ടവർ നേതൃത്വംനൽകേണ്ടതും പ്രസ്തുത പ്രവർത്തനങ്ങൾ അതാത് പ്രവർത്തന തലങ്ങളിൽ വീഴ്ചകൂടാതെ നടപ്പിലാക്കേണ്ടതുമാണ്.

4. "സ്വച്ഛ്താ ഹി സേവ" ദ്വൈവാര ക്യാമ്പയിൻ പ്രവർത്തനങ്ങൾ, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന " മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം " ക്യാമ്പയിന്റെ തുടർ ക്യാമ്പയിനായി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

നേതൃത്വത്തിൽ ഗ്രാമ / വാർഡ് സഭകൾ ചേരേണ്ടതും, വിവര വിജ്ഞാനവ്യാപനപ്രവർത്തങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്. ആയതു സംബന്ധിച്ച ചെലവ് സ്വച്ഛ്ഭാരത് (ഗ്രാമീൺ), സ്വച്ഛ്ഭാരത് (അർബൻ) ഐ.ഇ.സി. ഘടകത്തിൽ ലഭ്യമായ തുകയിൽ നിന്ന് ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**സിന്ധു.എൽ**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം,
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ഐ & പി.ആർ.ഡി.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ